# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 24.12.2024** **TIME : 07.25 AM**

## പ്രധാന വാർത്തകൾ

1. സ്നേഹവും സഹോദര്യവുമാണ് ക്രിസ്തുവിൻറെ സന്ദേശമെന്നും ഈ ആശയത്തെ ശക്തിപ്പെടുത്താൻ ഒത്തൊരുമിച്ചു പ്രവർത്തിക്കണമെന്നും പ്രധാനമന്ത്രി നരേന്ദ്ര മോദി.

   **Prime Minister Narendra Modi said that the message of Christ is love and brotherhood and we should work together to strengthen this idea.**

2. ഇന്ത്യാ വിരുദ്ധ പ്രവർത്തനങ്ങൾ നടത്തുന്ന സംഘടനകളെ കണ്ടെത്തുന്നതിന് സൗഹൃദ രാജ്യങ്ങളുമായി രഹസ്യാന്വേഷണ ഏകോപനം ശക്തമാക്കേണ്ടത് അനിവാര്യമെന്ന് കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ.

   **Union Home Minister Amit Shah has stressed the need to develop an intelligence coordination strategy with friendly nations to detect anti-India outfits and networks.**

3. പ്രശസ്ത ചലച്ചിത്രകാരനും ദാദാ സാഹബ് ഫാൽക്കെ പുരസ്കാര ജേതാവുമായ ശ്യാം ബെനഗൽ അന്തരിച്ചു.

   **Prominent Filmmaker Shyam Benegal passes away.**

4. ഇന്ന് ദേശീയ ഉപഭോക്തൃ ദിനം. ദിനാചരണത്തോടനുബന്ധിച്ച് ന്യൂഡൽഹിയിൽ നടക്കുന്ന പരിപാടിയിൽ കേന്ദ്ര മന്ത്രി പ്രൾഹാദ് ജോഷി പങ്കെടുക്കും.

   **On the occasion of National Consumer Day, Union Consumer Affairs Minister Pralhad Joshi will chair National Consumer Day celebrations in New Delhi today.**

5. **കേരളത്തിലെ മിൽമ മലപ്പുറം ഡയറിയും പാൽപ്പൊടി നിർമ്മാണ ഫാക്ടറിയും മുഖ്യമന്ത്രി പിണറായി വിജയൻ ഇന്ന് നാടിന് സമർപ്പിക്കും.**

**Chief Minister Pinarayi Vijayan will dedicate to the nation the Milma Malappuram Dairy and Milk Powder Manufacturing Factory established in Malappuram, Kerala, today.**

6. **ഐ.സി.സി ചാമ്പ്യൻഷിപ്പ് വനിതാ ക്രിക്കറ്റ് ഏകദിന പരമ്പരയിൽ വെസ്റ്റ് ഇൻഡീസിനെതിരായ രണ്ടാം മത്സരത്തിൽ ഇന്ത്യ ഇന്ന് ഇറങ്ങും.**

**In Women's Cricket, India will take on the West Indies in the second ODI of the ICC Championship series today.**

==========================================

## PRESIDENT

വൈദ്യശാസ്ത്ര മേഖല കേവലം ഉപജീവനത്തിനുള്ള മാർഗം മാത്രമല്ലെന്നും സാമൂഹ്യ സേവനത്തിനുള്ള അവസരമാണെന്നും രാഷ്ട്രപതി ദ്രൗപദി മുർമു. ഡൽഹിയിൽ നടന്ന വർധമാൻ മഹാവീർ മെഡിക്കൽ കോളേജിലെ എട്ടാമത് ബിരുദദാന ചടങ്ങിനെ അഭിസംബോധന ചെയ്യുകയായിരുന്നു രാഷ്ട്രപതി. 2047-ഓടെ ഇന്ത്യയെ വികസിത രാഷ്ട്രമാക്കുക എന്ന ലക്ഷ്യം കൈവരിക്കാൻ യുവ ഡോക്ടർമാർ പ്രധാന പങ്ക് വഹിക്കുമെന്നും രാഷ്ട്രപതി പറഞ്ഞു.

==========================================

## PM-CHRISTMAS

സ്നേഹവും സഹോദര്യവുമാണ് ക്രിസ്തുവിൻറെ സന്ദേശമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. ഈ ആശയത്തെ ശക്തിപ്പെടുത്താൻ ഒത്തൊരുമിച്ചു പ്രവർത്തിക്കണം. ലോകത്ത് അശാന്തിയും ആക്രമണവും ഉണ്ടാകുന്നത്, തന്നെ വേദനിപ്പിക്കുന്നതായും അദ്ദേഹം പറഞ്ഞു. കാത്തലിക് ബിഷപ്സ് കോൺഫറൻസ് ന്യൂഡൽഹിയിൽ സംഘടിപ്പിച്ച ക്രിസ്തുമസ് ആഘോഷങ്ങളിൽ പങ്കെടുക്കുകയായിരുന്നു പ്രധാനമന്ത്രി.

ദേശീയ താൽപ്പര്യത്തിനും മനുഷ്യ താൽപ്പര്യത്തിനും മുൻഗണന നൽകുന്നതാണ് ഇന്ത്യയുടെ വിദേശ നയമെന്ന് പ്രധാനമന്ത്രി പറഞ്ഞു. കർദിനാളായി സ്ഥാനമേറ്റ മാർ ജോർജ് ജേക്കബ് കൂവക്കാടിനെ അഭിനന്ദിച്ച പ്രധാനമന്ത്രി ക്രിസ്തുമസ് ആഘോഷങ്ങളിൽ പങ്കെടുക്കാനായതിൽ സന്തോഷമുണ്ടെന്നും പറഞ്ഞു.

==================================================

**AMIT SHAH**

ഇന്ത്യാ വിരുദ്ധ പ്രവർത്തനങ്ങൾ നടത്തുന്ന സംഘടനകളെയും ശൃംഖലകളെയും കണ്ടെത്തുന്നതിന് സൗഹൃദ രാജ്യങ്ങളുമായി രഹസ്യാന്വേഷണ ഏകോപനം ശക്തമാക്കേണ്ടത് അനിവാര്യമെന്ന് കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ. ന്യൂഡൽഹിയിൽ, ഇൻ്റലിജൻസ് ബ്യൂറോയുടെ ശതാബ്ദി എൻഡോവ്മെന്റ് പ്രഭാഷണം നടത്തുകയായിരുന്നു അദ്ദേഹം. നിർണായക അടിസ്ഥാന സൗകര്യങ്ങൾ-ക്കെതിരെയുള്ള സൈബർ ആക്രമണങ്ങൾ ഉൾപ്പെടെ നൂതനമായ വെല്ലുവിളികൾക്ക് പരിഹാരം കാണാൻ കാലികമായ ചിന്തകൾ ആവശ്യമാണ്. രഹസ്യാന്വേഷണ, നിയമ നിർവ്വഹണ ഏജൻസികൾ A.I, മെഷീൻ ലേണിംഗ് എന്നിവയുടെ ഉപയോഗം വർദ്ധിപ്പിക്കണമെന്നും കേന്ദ്ര ആഭ്യന്തര മന്ത്രി വ്യക്തമാക്കി.

==================================================

**NHRC – CHAIRPERSON**

സുപ്രീം കോടതിയിൽ നിന്ന് വിരമിച്ച ജഡ്ജി വി.രാമസുബ്രഹ്മണ്യനെ ദേശീയ മനുഷ്യാവകാശ കമ്മിഷൻറെ പുതിയ ചെയർപേഴ്സണായി നിയമിച്ചു. രാഷ്ട്രപതി ദ്രൗപതി മുർമുവാണ് ജസ്റ്റിസ് രാമസുബ്രഹ്മണ്യനെ നിയമിച്ചത്. പ്രിയങ്ക് കനൂംഗോ, റിട്ട. ജസ്റ്റിസ് ബിദ്യുത് രഞ്ജൻ സാരംഗി എന്നിവരെ കമ്മീഷൻ അംഗങ്ങളായി നിയമിച്ചിട്ടുണ്ട്. 2019 സെപ്റ്റംബർ 23-ന് സുപ്രീം കോടതി ജഡ്ജിയായി നിയമിതനായ ജസ്റ്റിസ് രാമസുബ്രഹ്മണ്യൻ, 2023 ജൂൺ 29 നാണ് വിരമിച്ചത്.

=====================================================

**PRALHAD-CONSUMER DAY**

ഇന്ന് ദേശീയ ഉപഭോക്തൃ ദിനം. ദിനാചരണത്തോടനുബന്ധിച്ച് ന്യൂഡൽഹിയിൽ നടക്കുന്ന പരിപാടിയിൽ കേന്ദ്ര ഉപഭോക്തൃ കാര്യ മന്ത്രി പ്രൾഹാദ് ജോഷി അധ്യക്ഷത വഹിക്കും. ഉപഭോക്താവിന്റെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനുള്ള വിവിധ സംരംഭങ്ങൾക്ക് അദ്ദേഹം തുടക്കം കുറിക്കും. ഇ-മാപ്പ് പോർട്ടൽ, AI- അധിഷ്ഠിത ഉപഭോക്തൃ ഹെൽപ്പ്ലൈൻ 2.0, ജാഗോ ഗ്രാഹക് ജാഗോ ആപ്പ് തുടങ്ങിയ സംരംഭങ്ങൾക്കാണ് ഇന്ന് തുടക്കമാവുക.

=====================================================

**JAISHANKAR VISIT**

വിദേശകാര്യ മന്ത്രി എസ്.ജയ്ശങ്കർ ആറ് ദിവസത്തെ സന്ദർശനത്തിനായി ഇന്ന് അമേരിക്കയിൽ എത്തും. സന്ദർശന വേളയിൽ ഉഭയകക്ഷി, പ്രാദേശിക, ആഗോള വിഷയങ്ങൾ ചർച്ച ചെയ്യും. അമേരിക്കയിലെ ഇന്ത്യൻ കോൺസൽ ജനറൽമാരുടെ സമ്മേളനത്തിലും അദ്ദേഹം അധ്യക്ഷനാകും.

=====================================================

**GUJARAT-MANDAVIYA**

മൈ ഭാരത് ഗുഡ് ഗവേണൻസ് പദയാത്ര ഗുജറാത്തിലെ വഡ്നഗറിൽ കേന്ദ്ര യുവജനകാര്യ, കായിക മന്ത്രി മൻസുഖ് മാണ്ഡവ്യ ഫ്ലാഗ് ഓഫ് ചെയ്യും. മുൻ പ്രധാനമന്ത്രി അടൽ ബിഹാരി വാജ്പേയിയുടെ ജന്മവാർഷികദിനത്തോട് അനുബന്ധിച്ചാണ് 8 കിലോമീറ്റർ യാത്ര സംഘടിപ്പിക്കുന്നത്. പതിനയ്യായിരത്തോളം വിദ്യാർഥികൾ പദയാത്രയിൽ പങ്കെടുക്കും. ഭരണഘടനയുടെ 75-ാം വാർഷികത്തോട് അനുബന്ധിച്ചുള്ള ആഘോഷങ്ങളാണ് പരിപാടിയുടെ പ്രമേയം.

=====================================================

**ബ്രേക്ക്........**

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്....

=====================================================

**ADB-LOAN**

രാജ്യത്തിൻ്റെ കാലാവസ്ഥാ പ്രതിബദ്ധതകളുമായി യോജിച്ച് പ്രവർത്തിക്കുന്ന ഹരിത-സുസ്ഥിര അടിസ്ഥാന സൗകര്യ വികസന പദ്ധതികളെ പിന്തുണയ്ക്കുന്നതിനായി കേന്ദ്ര സർക്കാരും ഏഷ്യൻ ഡെവലപ്മെൻറ് ബാങ്കും 500 മില്യൺ ഡോളർ വായ്പ കരാറിൽ ഒപ്പുവച്ചു. കണക്റ്റിവിറ്റി, ഊർജ്ജ പരിവർത്തനം, വിദ്യാഭ്യാസം, ആരോഗ്യ സംരക്ഷണം തുടങ്ങിയ മേഖലകളിൽ ഊന്നൽ നൽകുന്ന പദ്ധതികൾക്കായാണ് വായ്പ അനുവദിക്കുന്നത്. ഇന്ത്യ ഇൻഫ്രാസ്ട്രക്ച്ചർ ഫിനാൻസ് കമ്പനി മുഖേനയാണ് പദ്ധതികൾ നടപ്പാകുന്നത്.

==================================================

**SHYAM BENEGAL - (INTRO)**

പ്രശസ്ത ചലച്ചിത്ര സംവിധായകൻ ശ്യാം ബെനഗൽ അന്തരിച്ചു. 90 വയസ്സായിരുന്നു. വൃക്കരോഗത്തെ തുടർന്ന് ചികിത്സയിലിരിക്കെ മുംബൈയിലെ സ്വകാര്യ ആശുപത്രിയിലായിരുന്നു അന്ത്യം. ചലച്ചിത്ര മേഖലയിലെ സംഭാവനകൾക്ക് നൽകുന്ന ഏറ്റവും വലിയ ബഹുമതിയായ ദാദാ സാഹബ് ഫാൽക്കെ പുരസ്കാരം നൽകി രാജ്യം അദ്ദേഹത്തെ ആദരിച്ചിട്ടുണ്ട്.

**ഒരു റിപ്പോർട്ട്......**

**(VOICE..........)**

1934-ഡിസംബർ 14-ന് ആന്ധ്രാപ്രദേശിലെ ഹൈദരാബാദിലാണ് ശ്യാം ബെനഗൽ ജനിച്ചത്. പന്ത്രണ്ടാം വയസ്സിൽ പ്രശസ്ത ഫോട്ടോഗ്രാഫറായിരുന്ന പിതാവ് ശ്രീധർ ബി ബെനഗലിൻറെ ക്യാമറ ഉപയോഗിച്ചാണ് ശ്യാം ബെനഗൽ തൻറെ ആദ്യ ചിത്രം സൃഷ്ടിച്ചത്. ഇന്ത്യൻ ഗ്രാമീണ ജീവിതത്തിൻറെ വിവിധ ഭാവങ്ങൾ ആവിഷ്ക്കരിച്ച ബെനഗൽ സ്വന്തമായി ഒരു സിനിമ ശൈലി തന്നെ സൃഷ്ടിച്ചു. തിരക്കഥാകൃത്തെന്ന നിലയിലും അദ്ദേഹം പ്രവർത്തിച്ചിട്ടുണ്ട്. പത്മശ്രീ, പത്മഭൂഷൺ തുടങ്ങിയ പുരസ്കാരങ്ങൾക്കും ശ്രീ.ബെനഗൽ അർഹനായി. ഹിന്ദിയിലെ മികച്ച ഫീച്ചർ ചിത്രത്തിനുള്ള ദേശീയ

പുരസ്കാരം ഏഴ് തവണ കരസ്ഥമാക്കിയ അതുല്യ പ്രതിഭയായിരുന്നു ശ്യാം ബെനഗൽ. അങ്കുർ, ഭൂമിക, നിശാന്ത്, മന്ഥൻ, സർദാരി ബീഗം, സുബൈദ തുടങ്ങിയ ചിത്രങ്ങൾ ശ്രദ്ധേയമായിരുന്നു. രാജ്യസഭ അംഗമെന്ന നിലയിലും അദ്ദേഹം സേവനമനുഷ്ഠിച്ചു.
ന്യൂസ് ഡെസ്ക്, ആകാശവാണി......

രാഷ്ട്രപതി ദ്രൗപദി മുർമു, ഉപരാഷ്ട്രപതി ജഗ്‌ദീപ് ധൻകർ, പ്രധാനമന്ത്രി നരേന്ദ്രമോദി, കേരള മുഖ്യമന്ത്രി പിണറായി വിജയൻ തുടങ്ങിയ പ്രമുഖർ അദ്ദേഹത്തിൻറെ മരണത്തിൽ അനുശോചനം രേഖപ്പെടുത്തി.

==============================================

## KERALA CM – MALAPPURAM

മലപ്പുറം ജില്ലയിലെ മൂർക്കനാട്ട് സ്ഥാപിച്ച മിൽമ മലപ്പുറം ഡയറിയും പാൽപ്പൊടി നിർമ്മാണ ഫാക്ടറിയും മുഖ്യമന്ത്രി പിണറായി വിജയൻ ഇന്ന് ഉദ്ഘാടനം നിർവഹിക്കും. 131.3 കോടി രൂപ ചിലവഴിച്ചാണ് ഫാക്ടറി സ്ഥാപിച്ചിട്ടുള്ളത്. കേരളത്തിലെ ഏറ്റവും വലുതും അത്യാധുനിക സാങ്കേതിക വിദ്യയോടു കൂടി പ്രവർത്തിക്കുന്നതുമാണ് മിൽമ പാൽപ്പൊടി നിർമ്മാണ ഫാക്ടറി. പത്ത് ടണ്ണാണ് ഉത്പാദന ക്ഷമത.

==============================================

## CISF-POSTING POLICY

കേന്ദ്ര വ്യവസായ സുരക്ഷാസേനയായ C.I.S.F പുതിയ നിയമന നയം അവതരിപ്പിച്ചു. ആദ്യമായി ചോയ്സ് അധിഷ്ഠിത പോസ്റ്റിംഗ് അവതരിപ്പിച്ചതായി C.I.S.F ഐ ജി ന്യൂഡൽഹിയിൽ വാർത്താസമ്മേളനത്തിൽ പറഞ്ഞു. ഓരോ ഉദ്യോഗസ്ഥർക്കും ഇഷ്ടമുള്ള പത്ത് സ്ഥലങ്ങൾ നിയമനത്തിനായി തിരഞ്ഞെടുക്കാനുള്ള അവസരമുണ്ടാകും. രണ്ട് വർഷത്തിനുള്ളിൽ വിരമിക്കുന്ന ഉദ്യോഗസ്ഥർക്ക് അവർ തിരഞ്ഞെടുക്കുന്ന മൂന്ന് സ്ഥലങ്ങളിൽ ഒരിടത്ത് നിയമനം നൽകും. സ്ത്രീകളുടേയും ദമ്പതികളുടേയും കാര്യത്തിൽ, ആറ് വർഷത്തെ സേവനത്തിന് ശേഷം,നിയമനം ആഗ്രഹിക്കുന്ന കേന്ദ്രങ്ങൾ തിരഞ്ഞെടുക്കാൻ അവസരം ഉണ്ടാവും.

==========================================

## MEDICAL SEATS

ഡോക്ടർമാരുടെ രൂക്ഷമായ ക്ഷാമം കണക്കിലെടുത്ത് ഒഴിവുള്ള മെഡിക്കൽ സീറ്റുകൾ നികത്തുന്നതിനായി പ്രത്യേക കൗൺസലിംഗ് നടത്താൻ സുപ്രീം കോടതി ഉത്തരവിട്ടു. ഒഴിവുള്ള എൻആർഐ സീറ്റുകൾ ജനറൽ കാറ്റഗറിയിലേക്ക് മാറ്റി, നികത്താവുന്നതാണെന്ന് ജസ്റ്റിസുമാരായ ബി ആർ ഗവായ്, കെ വി വിശ്വനാഥൻ എന്നിവരടങ്ങിയ ബെഞ്ച് വ്യക്തമാക്കി. വിലയേറിയ മെഡിക്കൽ സീറ്റുകൾ പാഴാകരുതെന്നും 2024 ഡിസംബർ 30-ന് മുമ്പ് പ്രവേശന നടപടികൾ പൂർത്തിയാക്കണമെന്നും ഉത്തരവിൽ പറയുന്നു.

==========================================

## DETENTION POLICY SCRAPPED

അഞ്ച്, എട്ട് ക്ലാസുകളിലെ നോ ഡിറ്റൻഷൻ നയം റദ്ദാക്കി കേന്ദ്രസർക്കാർ. മുൻപ് അഞ്ച്, എട്ട് ക്ലാസുകളിലെ വാർഷിക പരീക്ഷയിൽ പരാജയപ്പെട്ടാലും അടുത്ത ക്ലാസ്സുകളിലേയ്ക്ക് സ്ഥാനക്കയറ്റം നൽകുമായിരുന്നു. എന്നാൽ, പുതിയ നയം അനുസരിച്ച് പരാജയപ്പെടുന്ന വിദ്യാർഥികൾക്ക് രണ്ട് മാസത്തിനുള്ളിൽ പരീക്ഷയെഴുതാൻ വീണ്ടും അവസരം നൽകും. തുടർന്നും പരീക്ഷയിൽ പരാജയപ്പെടുന്നവർക്ക് സ്ഥാനക്കയറ്റം ലഭിക്കില്ല. എന്നാൽ, പ്രാഥമിക വിദ്യാഭ്യാസം പൂർത്തിയാകുന്നതുവരെ വിദ്യാർത്ഥികളെ സ്കൂളിൽ നിന്നും പുറത്താക്കില്ലെന്നും വിദ്യാഭ്യാസ സെക്രട്ടറി സഞ്ജയ് കുമാർ പറഞ്ഞു.

==========================================

## WOMEN S CRICKET

ഐ.സി.സി ചാമ്പ്യൻഷിപ്പ് വനിതാ ക്രിക്കറ്റ് ഏകദിന പരമ്പരയിൽ വെസ്റ്റ് ഇൻഡീസിനെതിരായ രണ്ടാം മത്സരത്തിൽ ഇന്ത്യ ഇന്ന് ഇറങ്ങും. വഡോദരയിലെ കൊടമ്പി സ്റ്റേഡിയത്തിൽ ഉച്ചയ്ക്ക് 1.30- നാണ് മത്സരം. ഞായറാഴ്ച ആദ്യ ഏകദിനത്തിൽ ഇന്ത്യ 211 റൺസിന് വെസ്റ്റ് ഇൻഡീസിനെ പരാജയപ്പെടുത്തിയിരുന്നു.

==========================================

## ISRO SPADEX MISSION

ബഹിരാകാശത്ത് ഉപഗ്രഹങ്ങളെ കൂട്ടി യോജിപ്പിക്കുന്ന ഐ.എസ്.ആർ.ഒ യുടെ സ്പാഡെക്സ് മിഷൻ ഈ മാസം 30 ന് വിക്ഷേപിക്കും. പി.എസ്.എൽ.വി സി-60 വിക്ഷേപണ വാഹനമാണ് ഉപഗ്രഹങ്ങളെ വഹിക്കുക. ശ്രീഹരിക്കോട്ടയിലെ സതീഷ് ധവാൻ ബഹിരാകാശ കേന്ദ്രത്തിൽ നിന്നാണ് വിക്ഷേപണം. രണ്ട് കൃത്രിമ ഉപഗ്രഹങ്ങളെ 470 കിലോമീറ്റർ ഉയരത്തിലുള്ള സർക്കുലർ ലോ എർത്ത് ഓർബിറ്റിൽ വച്ച് കൂട്ടിച്ചേർക്കുകയാണ് ദൗത്യത്തിന്റെ ലക്ഷ്യം. സ്പാഡെക് പരീക്ഷണം വിജയമായാൽ ബഹിരാകാശ ഡോക്കിംഗ് സംവിധാനമുള്ള നാലാമത്തെ രാജ്യമായി ഇന്ത്യ മാറും.

==================================================

==================================================

==================================================